

# ഈശോയുടെ
# തിരുശേഷിപ്പുകൾ

seraphin_media_missionary

# വിശുദ്ധ കുരിശിന്റെ ശീർഷകം

## *Titulus Crusis*



ലത്തീൻ ഭാഷയയിൽ തിത്തലൂസ് ക്രൂച്ചിസ് (Titulus Crucis ) എന്നറിയപ്പെടുന്ന യേശുവിനെ കുരിശിൽ തറച്ച കുരിശിന്റെ ഭാഗമായി വിശ്വസിക്കുന്ന കുരിശിന്റെ ഭാഗം റോമിലുള്ള സാന്താ ക്രോച്ചേ ( Santa Croce) എന്ന ദൈവാലയത്തിൽ സംരക്ഷിച്ചിരിക്കുന്നു. യേശുവിന്റെ കുരിശിന്റെ മുകളിൽ ' യൂദമാരുടെ രാജാവ് ' എന്ന പീലാത്തോസ് ഹീബ്രു, ലത്തീൻ ഗ്രീക്ക് എന്നീ ഭാഷകളിൽ എഴുതിയ ഫലകമാണിത്. (John 19:19-22).

# വിശുദ്ധ അങ്കി


*The Holy Tunic*



യേശുവിന്റെ കുരിശു മരണത്തിനു മുമ്പ് അണിഞ്ഞിരുന്നതായി വിശ്വസിക്കുന്ന തുന്നലില്ലാതെ നെയ്യപ്പെട്ട വസ്ത്രമാണിത്. ജർമ്മനിയിലെ ട്രിയർ രൂപതയിലെ കത്തീഡ്രൽ ദൈവാലയത്തിലാണ് ഈ വിശുദ്ധ വസ്ത്രം സംരക്ഷിച്ചിരിക്കുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ "പടയാളികൾ യേശുവിന്റെ വസ്ത്രങ്ങൾ നാലായി ഭാഗിച്ചു - ഓരോ പടയാളിക്കും ഓരോ ഭാഗം. അവന്റെ അങ്കിയും അവർ എടുത്തു. അതാകട്ടെ, തുന്നലില്ലാതെ മുകൾ മുതൽ അടിവരെ നെയ്തുണ്ടാക്കിയതായിരുന്നു." (യോഹ 19: 23-24) എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

# വിശുദ്ധ കുന്തം

## *The Holy Lance / The Spear of Longinus*



ഈ വിശുദ്ധ കുന്തം, ദൈവകൽപിതത്തിന്റെ കുന്തം, ലോങ്ങി- നൂസിന്റെ കുന്തം, ക്രിസ്തുവിന്റെ കുന്തം എന്നീ പേരുകളിൽ അറിയപ്പെടുന്നു. യോഹന്നാൻ യേശുവിന്റെ കുരിശുമരണം വിവരിക്കുമ്പോൾ ' പടയാളികളിലൊരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി" (യോഹ 19: 34) എന്നു രേഖപ്പെടുത്തിയിരിക്കുന്നു. ഈ തിരുശേഷിപ്പിന്റെ ഒരു ഭാഗം റോമിലുള്ള വിശുദ്ധ പത്രോസിന്റെ ബസിലിക്കയിലെ മുഖ്യ അൾത്താരയുടെ തൂണിൽ സ്ഥാപിച്ചിരിക്കുന്നു. മറ്റൊരു ഭാഗം ആസ്ട്രിയയിലെ വിയന്നായിലുള്ള ഹാബ്സ് ബുർഗ് ഇംപീരിയൽ ട്രെഷറിയിൽ ( Habsburg Imperial Treasury) സൂക്ഷിച്ചിരിക്കുന്നു.

# വിശുദ്ധ കുരിശ്ശിന്റെ ഭാഗങ്ങൾ

*Parts of the holy cross*



യാർത്ഥ കുരിശിന്റെ ഭാഗങ്ങൾ ലോകത്തിൽ വിവിധ ദൈവാലയങ്ങളിൽ പ്രതിഷ്ഠിച്ചട്ടുണ്ട് ആസ്ട്രിയായിലെ വിയന്നയിലുള്ള ഇമ്പീരിയൽ ട്രെഷറിയിൽ സൂക്ഷിച്ചിരിക്കുന്ന വിശുദ്ധ കുരിശിന്റെ ഭാഗമാണിത്

# വിശുദ്ധ കാസ

*Holy Grail / Holy Chalice*



യേശു അന്ത്യത്താഴ സമയത്തു വിശുദ്ധ കുർബാന സ്ഥാപിക്കാൻ ഉപയോഗിച്ചു എന്നു വിശ്വസിക്കുന്ന തിരുകാസ സ്പെയിനിലെ വലൻസിയയിലുള്ള കത്തീഡ്രലിലാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്.

# മുൾക്കിരീടം

*The Crown of Thorns*



യേശുവിന്റെ പീഡാനുഭവ കുരിശുമരണ വേളകളിൽ ശിരസ്സിൽ അണിഞ്ഞിരുന്ന മുൾക്കിരീടം ഫ്രാൻസിലെ പാരീസിലുള്ള പ്രസിദ്ധമായ നോത്രദാം കത്തീഡ്രലിലാണു പരിപാവനമായി സൂക്ഷിച്ചിരിക്കുക.

# വിശുദ്ധ കോവണിപ്പടികൾ


## *Scala Sancta / Holy Stairs*



വിശുദ്ധ കോവണിപ്പടികൾ സ്കാളാ ഷാന്താ (Scala Sancta) എന്നാണ് ലത്തീൻ ഭാഷയിൽ അറിയപ്പെടുക. ക്രിസ്തീയ പാരമ്പര്യമനുസരിച്ച് ജറുസലേമിലുള്ള പീലാത്തോസിന്റെ പ്രൊത്തോറിയത്തിലേക്കു നയിക്കുന്ന കോവണിപ്പടികളാണിത്. ഈ പടികളിലൂടെയാണ് യേശു പീലാത്തോസിന്റെ അടുത്തേക്കു പോകുന്നതും വിചാരണ വേളയിൽ നിലകൊണ്ടതും. ഈ പടികൾ നാലാം നൂറ്റാണ്ടിൽ വിശുദ്ധ ഹെലെനാ രാജ്ഞി റോമിലേക്കു കൊണ്ടുവരുകയും സെന്റ് ജോൺ ലാറ്ററൻ ബസിലിക്കയിൽ സ്ഥാപിക്കുകയും ചെയ്തു. 28 മാർബിൾ പടികൾ തടികൊണ്ടു അവരണം ചെയ്താണു സംരക്ഷിച്ചിരിക്കുന്നത്.

# ടൂറിനിലെ തിരുക്കച്ച

*The Shround of Turin*





ടൂറിനിലെ തിരുക്കച്ചയാണ് മാനവ ചരിത്രത്തിൽ പ്രസിദ്ധമായതും ശാസ്ത്രീയമായ പരീക്ഷണത്തിനു വിധേയമായതുമായ യേശുവിന്റെ തിരുശേഷിപ്പ്.1898 മെയ് മാസം ഇരുപത്തിയെട്ടാം തീയതി സെക്കൻഡോ പിയ എന്ന ഫോട്ടോഗ്രാഫർ ഈ തിരുക്കച്ചയുടെ ചിത്രത്തിന്റെ നെഗറ്റീവ് പരിശോധിക്കുമ്പോഴാണ് യേശുവിന്റെ രൂപം അതിൽ ആദ്യമായി കാണുന്നത്. ഈ ചിത്രം ടൂറിനിലെ കത്തീഡ്രലിൽ പ്രദർശിപ്പിക്കാൻ അദ്ദേഹത്തിനു പിന്നീടു അനുവാദം നൽകി. 1958ൽ പീയൂസ് പന്ത്രണ്ടാമൻ പാപ്പ യേശുവിന്റെ തിരുമുഖ ഭക്തിയുടെ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ഈ ചിത്രത്തിനു അനുമതി നൽകി.

# പൂജ രാജാക്കന്മാർ സമർപ്പിച്ച സമ്മാനങ്ങൾ

*The Gifts of Magi*



യേശു ജനിച്ചതറിഞ്ഞു പൗരസ്ത്യ ദേശത്തു നിന്നു രാജാക്കന്മാർ കാണാൻ വന്നപ്പോൾ സമർപ്പിച്ച സ്വർണ്ണവും കുന്തിരിക്കവും മീറയും ഗ്രീസിലെ മൗണ്ട് ആത്തോസിലുള്ള വിശുദ്ധ പൗലോസിന്റെ ആശ്രമത്തിലാണ് സൂക്ഷിച്ചിരിക്കുന്നത്.

# ചമ്മട്ടി കൊണ്ട് അടിക്കാൻ കെട്ടിയിട്ട സ്തൂപം

*The Pillar of Flogging*



പീഡാനുഭവ വേളയിൽ യേശുവിനെ ഒരു സ്തൂതൂപത്തിൽ കെട്ടിയിട്ടാണു ചമ്മട്ടികൊണ്ടു പ്രഹരിച്ചത്. ഈ സ്തൂപം റോമിലെ വിശുദ്ധ പ്രാസ്സേഡസിന്റെ ബസിലിക്കയിൽ സൂക്ഷിച്ചിരിക്കുന്നു.

# ഈശോയുടെ തിരുരക്തം

## *A Vial of the Holy Blood of Jesus*



അരമത്തിയക്കാരൻ ജോസഫ് ശേഖരിച്ചു എന്നു വിശ്വസിക്കുന്ന യേശുവിന്റെ തിരുരക്തം സൂക്ഷിച്ചിരിക്കുന്ന ഒരു ചെപ്പ് ബൽജിയത്തെ ബ്രൂക്സിലുള്ള തിരുരക്തത്തിന്റെ ബസിലിക്കയിൽ സൂക്ഷിച്ചിരിക്കുന്നു.

# വിശുദ്ധ ആണികൾ

***Holy Nails***



ജർമ്മനിയിലെ ബാംബർഗ് കത്തീഡ്രലിലാണ് യേശുവിനെ കുരിശിൽ തറയ്ക്കാൻ ഉപയോഗിച്ചു എന്നു വിശ്വസിക്കുന്ന വിശുദ്ധ ആണി സൂക്ഷിച്ചിരിക്കുന്നത്.